"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി അഞ്ജു.വി.എസ് - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു - ഉത്തരവാകുന്നു.

---

**കൃഷി (ഇഎ)വകുപ്പ്**

സ.ഉ.(സാധാ) നം.582/2023/AGRI തീയതി,തിരുവനന്തപുരം, 14-06-2023

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 1865/2015/കൃഷി, തീയതി 5/11/2015
2. സ.ഉ. (സാധാ) നം. 1151/2018/കൃഷി, തീയതി 21/11/2018.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 31/05/2023 തീയതിയിലെ ADFW/3903/2023-SD2 നമ്പർ നടപടിക്രമം
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 31/05/2023 തീയതിയിലെ ADFW/3903/2023-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കൃഷി വകുപ്പിൽ കൃഷി ഓഫീസറായി 16/06/2014 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി അഞ്ജു.വി.എസ്-ന് പഠനാവശ്യത്തിന് 11/9/2015 മുതൽ 3 വർഷത്തേയ്ക്ക് പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം 11/9/2018 മുതൽ 25/10/2018 വരെ ശൂന്യവേതനാവധി ദീഘിപ്പിച്ച് ഉത്തരവായിരുന്നു. ശ്രീമതി അഞ്ജു.വി.എസ് പ്രൊബേഷൻ കാലയളവിൽ Appendix XII B പ്രകാരം ശൂന്യ വേതനാവധിയിലായിരുന്നതിനാൽ പിന്നീട് സർവീസിൽ പ്രവേശിച്ച തീയതിയായ 26/10/2018 മുതലാണ് കൃഷി ഓഫീസർ തസ്തികയിൽ സേവനം ആരംഭിച്ചതായി കണക്കാക്കുന്നത്.

(2) ശ്രീമതി അഞ്ജു.വി.എസ് നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാതിരുന്നതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം (3) നടപടിക്രമം പ്രകാരം 27/12/2020 മുതൽ 26/12/2021 വരെ ഒരു വർഷത്തേക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ദീർഘിപ്പിച്ചു നൽകിയിരുന്നു. ടിയാരി ജൂലൈ 2022 ന് അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ പാസ്സായിട്ടുണ്ട് എന്നും ടി പരീക്ഷയുടെ അവസാന തീയതി 13/11/2022 ആണ് എന്നും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി ടിയാരിരുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഓഫീസറായ ശ്രീമതി അഞ്ജു.വി.എസ് ന്റെ പ്രൊബേഷൻ കെ എസ്.&എസ് എസ് ആർ ഭാഗം II ചട്ടം 28 (bbb) ലെയും 30/08/1989 ലെ 7850/റൂൾസ് -1-88/P&ARD നമ്പർ സർക്കുലറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 14/11/2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാരിയുടെ പ്രൊബേഷൻ കാലയളവ് 27/12/2021 മുതൽ 15/11/2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി അഞ്ജു.വി.എസ്, കൃഷി ഓഫീസർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/126/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ